**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174** **23-01-2025 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് കൊണ്ടുള്ള കൊണ്ടോട്ടി താലൂക്കാസ്ഥാനാശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രവൃത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നു. നിലവിൽ ഫൗണ്ടേഷൻ പ്രവൃത്തികളാണ് നടന്നു കൊണ്ടിരിക്കുന്നത്. 5% പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്. ആശുപത്രിയിലേക്കുള്ള റോഡ് വീതി കൂട്ടുന്നതിന്റെ പ്രവൃത്തികളും നടന്നു കൊണ്ടിരിക്കുന്നു. |
| (ബി) | ആശുപത്രിയുടെ പശ്ചാത്തല സൗകര്യ വികസനത്തിനോടൊപ്പം താലൂക്ക് ആശുപത്രി നിലവാരത്തിൽ ആവശ്യമായ ആശുപത്രി സൂപ്രണ്ട്, ഡോക്ടർമാർ, നേഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ തസ്തികൾ സൃഷ്ടിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ആരോഗ്യ വകുപ്പിൽ ഗ്യാപ്പ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. കൂടാതെ സ്ഥിരം തസ്തികകൾക്ക് പുറമേ NHM/LSGD /KASP മുഖേന ജീവനക്കാരെ നിയമിച്ചും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നുണ്ട്. |
| (സി) | ഈ ആശുപത്രിയിൽ ഡെന്റൽ യൂണിറ്റ് തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി നൽകിയതെന്നും യൂണിറ്റ് ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (സി) | 30.01.2024 ലെ സർക്കാർ ഉത്തരവ് ( സാധാ) നം:221 /2024/H & FWD പ്രകാരം ദന്തൽ യൂണിറ്റ് തുടങ്ങുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ദന്തൽ യൂണിറ്റ് ആരംഭിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ഡി) | ഡെന്റൽ യൂണിറ്റ് തുടങ്ങുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ; | (ഡി) | ഉത്തരം (സി) പിരിവിൽ ചേർത്തിരിക്കുന്നു. |
| (ഇ) | ആശുപത്രിയിൽ ഉണ്ടായിരുന്ന ഡയാലിസിസ് യൂണിറ്റ് തുടർന്ന് നടത്തുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തെല്ലാമാണെന്നും അവ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ഇ) | കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഉണ്ടായിരുന്ന ഡയാലിസിസ് യൂണിറ്റ് തുടർന്ന് നടത്തുന്നതിന് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിയ്ക്കേണ്ടതുണ്ട്. കൂടാതെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും, ആർ.ഒ പ്ലാന്റും പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്. പൊളിച്ച് മാറ്റിയ കെട്ടിടത്തിൽ നേരത്തെ പ്രവർത്തിച്ചിരുന്ന ആർ.ഒ. പ്ലാന്റിന്റെ വൈദ്യുതവൽക്കരണത്തിനും പ്ലംബിംഗ് വർക്കിനും |

| | | | |
|---|---|---|---|
| | | | വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി ആവശ്യമായ ഉപകരണങ്ങൾ ഹെൽത്ത് ഗ്രാന്റ് വഴി വാങ്ങുന്നതിനായി എൻ.എച്ച്.എം ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ